പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2851 **29-10-2026-ൽ മറുപടിയ്ക്ക്**

കരമന വെള്ളറട റോഡിന്റെ വികസനവും നവീകരണവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജീവ് ചന്ദ്രശേഖർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിലെ പ്രധാന മലയോര പാതയായ കരമന-വെള്ളറട റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

മറുപടി: 35.5 കി.മീ നീളം വരുന്ന കരമന-വെള്ളറട റോഡിൽ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ മൂന്ന് റീച്ചുകളായി തിരിച്ച് പുരോഗമിച്ചുവരുന്നു.

KMRL മുഖേന സമഗ്ര മൊബിലിറ്റി പദ്ധതി പരിഗണിച്ച് ആവശ്യമായ ട്രാഫിക് സർവേ, ടോപ്പോഗ്രാഫിക് സർവേ, മറ്റ് അന്വേഷണ പ്രവർത്തനങ്ങൾ എന്നിവ നടത്തി, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ കരമന മുതൽ കാട്ടാക്കട വരെ നാലുവരി പാതയായും കാട്ടാക്കട മുതൽ വെള്ളറട വരെ രണ്ടുവരി പാതയായും ഡി.പി.ആർ. പുതുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ആയതനുസരിച്ച് ഡി.പി.ആർ. പുതുക്കുന്നതിനാവശ്യമായ അന്വേഷണ പ്രവർത്തനങ്ങൾ, ട്രാഫിക് സർവേകൾ, ടോപ്പോഗ്രാഫിക് സർവേ എന്നിവ നടത്തുന്നതിനായി 25.02.2026-ലെ സ.ഉ.(സാധാ) നം. 279/2026/PWD പ്രകാരം ₹1,08,00,000/- (ഒരു കോടി എട്ട് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) ഈ റോഡ് എത്ര വരി പാതയായി വീതി കൂട്ടാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ തുക എത്രയെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വർഷം തിരിച്ചുള്ള വിവരവും ലഭ്യമാക്കുമോ;

മറുപടി: 0/000 കി.മീ. മുതൽ 35/500 കി.മീ വരെയുള്ള റോഡിന്റെ ഡി.പി.ആർ. (2016 DSR) പ്രകാരം പേവ്ഡ് ഷോൾഡർ, ഡ്രെയിൻ കം ഫുട്പാത്ത് എന്നിവ ഉൾപ്പെടുത്തി രണ്ടുവരി പാതയായാണ് ഡിസൈൻ വിഭാഗം തയ്യാറാക്കിയിട്ടുള്ളത്.

15.02.2016-ലെ സ.ഉ.(സാധാ) നം. 355/2016/PWD പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി ₹ 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ₹7.507 കോടി രൂപ അനുവദിച്ചതിൽ, ₹1.0724 കോടി രൂപ കണ്ടിൻജൻസി ചാർജ് ഇനത്തിൽ 21.01.2019-ന് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ, 2018-19 സാമ്പത്തിക വർഷത്തിൽ റോഡിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായി ₹45,57,705/- രൂപയും, 2018-ൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി ₹98,544/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്നും ഭൂഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ടോയെന്നും നഷ്ടപരിഹാര തുക വിതരണം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

മറുപടി: റീച്ച് – I (0/000 കി.മീ. മുതൽ 5/500 കി.മീ. വരെ, കരമന മുതൽ കുണ്ടമൺകടവ് പാലം വരെ): 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്

റീച്ച് – II (5.5 കി.മീ. മുതൽ 20 കി.മീ. വരെ, കുണ്ടമൺകടവ് പാലം മുതൽ ഞാറവിള വരെ): സാമൂഹിക ആഘാത പഠനവും വിദഗ്ധ സമിതിയുടെ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്

റീച്ച് – III (20 കി.മീ. മുതൽ 35.5 കി.മീ. വരെ, ഞാറവിള മുതൽ വെള്ളറട വരെ): സാമൂഹിക ആഘാത പഠനവും വിദഗ്ധ സമിതിയുടെ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

ഭൂഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തുക അനുവദിച്ചിട്ടില്ല.

(ഡി) റോഡ് വികസനത്തിനായി ഏറ്റെടുത്ത ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: പദ്ധതിക്കായി റവന്യൂ വിഭാഗം സ്ഥലം ഏറ്റെടുത്ത് കൈമാറിയിട്ടില്ല.

(ഇ) പ്രസ്തുത റോഡിലെ ഗതാഗതക്കുരുക്ക് പരിഹാരിക്കുന്നതിനായി ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മറുപടി: സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ